**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5456** **21-07-2022 - ൽ മറുപടിയ്ക്ക്**

**ക്ഷീര കർഷകർക്കുള്ള സബ്സിഡി വർദ്ധിപ്പിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | ക്ഷീര കർഷകർക്ക് കാലിത്തീറ്റ വാങ്ങുന്നതിനും പാലിനുമുള്ള സബ്സിഡി വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദമാക്കുമോ? | (എ) | നിലവിൽ പരിഗണനയിലില്ല. എന്നാൽ കാലിത്തീറ്റയുടെ അമിത വിലവർദ്ധനവും കാലവർഷക്കെടുതിയുംമൂലം സംഭവിച്ച തീറ്റവസ്തുക്കളുടെ ലഭ്യതക്കുറവ് പരിഹരിക്കുന്നതിനായി ക്ഷീരകർഷകർക്ക് പച്ചപ്പുല്ലും, വൈക്കോലും, സബ്സിഡി നിരക്കിൽ നൽകി വരുന്നു. 2021-22 സാമ്പത്തിക വർഷം 314.77 ലക്ഷം രൂപ ഇതിനായി ചെലവഴിച്ചു. 2022-23 വർഷം പച്ചപ്പുല്ലും, വൈക്കോലും, സബ്സിഡി നിരക്കിൽ നൽകുന്നതിനായി 257 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ ക്ഷീരസംഘങ്ങളിൽ പാൽ നൽകുന്ന കർഷകർക്ക് ക്ഷീരവികസന വകുപ്പിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ആഭിമുഖ്യത്തിൽ 4/-രൂപ വരെ പാലിന് ഇൻസെന്റീവും നൽകിവരുന്നു.<br><br>മിൽമ മേഖലാ യൂണിയനുകൾ വഴി ഗുണനിലവാരമുള്ള കാലിത്തീറ്റ ക്ഷീര സംഘങ്ങൾ വഴി കർഷകർക്ക് ലഭ്യമാക്കി വരുന്നുണ്ട്. കഴിഞ്ഞ രണ്ട് വർഷക്കാലമായി മിൽമ കാലിത്തീറ്റയ്ക്ക് വില വർദ്ധിപ്പിച്ചിട്ടില്ല.<br><br>കൃത്യമായ കാലയളവിൽ പാൽ വില കർഷകന് നൽകുന്നതിനോടൊപ്പം മേഖലായൂണിയനുകളുടെ അധിക വരുമാനത്തിൽ നിന്ന് കർഷകർക്ക് സബ്സിഡി, മറ്റാനുകൂല്യങ്ങൾ എന്നിവയും നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ